"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി-വയനാട് ടൗൺഷിപ്പ് പ്രൊജക്ട്-ഒന്നാം ഘട്ടത്തിൽ കൈമാറിയ 178 വീടുകളിൽ ജൈവമാലിന്യ സംസ്കരണത്തിനായി ബയോ ബിന്നുകൾ സ്ഥാപിക്കുന്നതിനും ഉപയോഗ പരിശീലനം നൽകുന്നതിനുമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു .

**റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്**

സ.ഉ.(സാധാ) നം.1444/2026/RD തീയതി,തിരുവനന്തപുരം, 28-07-2026

പരാമർശം:- 1. സ.ഉ.(സാധാ) നം.317/2026/DMD തീയതി 27.07.2026

**ഉത്തരവ്**

വയനാട് ടൗൺഷിപ്പ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഗുണഭോക്താക്കൾക്ക് കൈമാറിയ 178 വീടുകളിൽ ജൈവമാലിന്യ സംസ്കരണത്തിനായി ബയോ ബിന്നുകൾ സ്ഥാപിക്കുന്നതിനും, അവയുടെ ഉപയോഗവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി 3,88,040/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിന് മേൽ പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശം ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട് ടൗൺഷിപ്പ് പ്രൊജക്ട് ഒന്നാം ഘട്ടത്തിൽ കൈമാറിയ 178 വീടുകളിൽ ജൈവമാലിന്യ സംസ്കരണത്തിനായി ബയോ ബിന്നുകൾ സ്ഥാപിക്കുന്നതിനും, ഉപയോഗ പരിശീലനം നൽകുന്നതിനുമായി 3,88,040/- (മൂന്ന് ലക്ഷത്തി എൺപത്തി എട്ടായിരത്തി നാല്പത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന 3,88,040/-(മൂന്ന് ലക്ഷത്തി എൺപത്തി എട്ടായിരത്തി നാല്പത് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും വയനാട് ജില്ലാ കളക്ടർ ടി തുക വയനാട് ടൗൺഷിപ്പ് പദ്ധതി നിർവ്വഹണ യൂണിറ്റ് (PIU) സ്പെഷ്യൽ ഓഫീസർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.മേയോ ഭാസ്കർ

ജോയിന്റ് സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, വയനാട്

സ്പെഷ്യൽ ഓഫീസർ,വയനാട് ടൗൺഷിപ്പ് പദ്ധതി നിർവ്വഹണ യൂണിറ്റ് (PIU), കൽപ്പറ്റ,വയനാട്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ദുരന്ത നിവാരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( DRF-C1/96/2026-REV)

ഉത്തരവിൻ പ്രകാരം

Digitally signed by
Ajitha V V
Date: 28-07-2026
13:36:56

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ ഡി.ആർ.എഫ്-എ/ഡി.ആർ-ബി വകുപ്പുകൾ